# ജി.യു.പി.എസ്.വടമൺ

# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025-26

# CLASS I

## പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ

കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന് വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2025- 2026 അധ്യയന വർഷത്തിൽ ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവ കൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധിക്കുന്നുണ്ട്. പഠനപ്രവർത്തനങ്ങൾ, ശിശുസൗഹൃദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# വിഷയം - മലയാളം

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതുന്നതിനുമുള്ള കഴിവ് ഉണ്ടാക്കുക
* പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
* ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.
* പത്രം തയ്യാറാക്കുന്നു.
* സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം |
|---|---|
| വായന | • ചിത്രവായന<br>• വിവിധ തരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു<br>• വായനമൂല ഒരുക്കൽ<br>• പത്രവായന<br>• വായനകാർഡ് തയ്യാറാക്കൽ |

മലയാളം

- ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.
- സചിത്രബുക്ക്
- സംയുക്ത ഡയറി എഴുത്ത്
- ആവർത്തിച്ച് വരുന്ന അക്ഷരം കണ്ടെത്തുന്നു
- ആ അക്ഷരം എഴുതുന്നു.
- ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു.
- വരികൾ കൂട്ടിച്ചേർക്കുന്നു
- ചിത്രം നോക്കി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു.
- സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു

## English

Aim – To speak, read and write with out any mistakes.

| Aim | Activities | Month |
|---|---|---|
| Skills | To devolve listening skills and reading skills | June |
| | Description, growing sentences pictures reading, riddles, quizs | July |
| Reading skills | Reading breaking news<br>find words from reading materials | July |

| | | |
|---|---|---|
| Writing skills | • Rhyming words<br>• Describing words from text book activities<br>• make word web<br>• picture description<br>• word chain<br>• make word web<br>• story telling<br>• Riddles<br>• conversation | August<br>september<br>october<br>November<br>December<br>January<br>February<br>March |

## ഗണിതം

ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ അഞ്ചുവരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.

2. അമ്പത് വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.

3. ഒന്നു മുതൽ ഇരുപത് വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനം | മാസം |
|---|---|---|
| സംഖ്യാബോധം | • സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>• സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു<br>• സംഖ്യാ കാർഡ് നിർമ്മിക്കൽ | ജൂൺ |
| ഗണിതകിറ്റ് | • ഗണിത പഠനത്തിന് സഹായകമായ തലത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു. | ജൂലൈ |
| വലിയ സംഖ്യ ചെറിയ സംഖ്യ | • 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>• വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | ആഗസ്റ്റ് |
| സങ്കലന ക്രിയകൾ | • സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>• രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ<br>• ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും | സെപ്റ്റംബർ |
| ഒറ്റസംഖ്യകൾ ഇരട്ടസംഖ്യകൾ | • ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>ഒന്നിടവിട്ട സംഖ്യകൾ, ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ | ഒക്ടോബർ |
| സംഖ്യാഗാനങ്ങൾ | • സംഖ്യാഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു<br>• ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യതരം ആക്കുന്നു. | |

| | | |
|---|---|---|
| വർക്ക്ഷീറ്റ് | • സംഖ്യ കാർഡ് സുന്ദരിയാക്കൽ<br>വർക്ക് പ്രവർത്തനങ്ങൾ<br>• my number book തയ്യാറാക്കൽ | ഡിസംബർ |
| വ്യവകലന പ്രവർത്തനങ്ങൾ | • രണ്ടക്ക സംഖ്യയും ഒറ്റക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ<br>10-1 = 9 10-2 = 8<br>10-3 = 7 . . . . . | ജനുവരി |
| ചിഹ്നങ്ങൾ തിരിച്ചറിയൽ | • സങ്കലനം, വ്യവകലനം(+, -) എന്നീ ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു | ഫെബ്രുവരി |
| ഗണിതകിറ്റ് | • ഗണിതകിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിതകിറ്റിലൂടെ സാധ്യമാക്കൽ | മാർച്ച് |

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യാസങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
- വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

- സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ് തുട-ങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു
- പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, സുഗന്ധം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു
- നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ചെടികൾ നിരീക്ഷിച്ച് പ്രകൃതിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ. | • പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു.<br>• പല തരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |
| ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു | • സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു.<br>• പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | • പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ പൂക്കൾ എന്നിവ കൊണ്ടുവരുന്നു<br>• ഭക്ഷ്യയോഗ്യമായ ഭാഗം കണ്ടെത്തുന്നു<br>രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു | ഡിസംബർ<br>ജനുവരി.<br>ഫെബ്രുവരി<br>മാർച്ച്. |

CLASS 2

# അക്കാദമിക മാസ്റ്റർ പ്ലാൻ

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികസനം വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടികളുടെ ശേഷി പരിഗണിച്ചാണ് ക്ലാസ് തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികസനമാണ് ഈ വർഷം ലക്ഷ്യം ഇടുന്നത് എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും മികവുറ്റവരായി തീരണം ഇതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ

ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

(2) രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളും ആശയഗ്രഹണ വായന ഉറപ്പാക്കുന്നു.

(3) രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ്സ് രൂപത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ പ്രാപ്തരാക്കുക.

(4) വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

(5) ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാപൂരണം)

## മുന്നൊരുക്കം

1. പ്രീടെസ്റ്റ് നടത്തുന്നു എല്ലാം തലങ്ങളി ലുമുള്ള കുട്ടികളെ കണ്ടെത്തുന്നു.

2. കുട്ടികളുടെ നിലവിലുള്ള അവസ്ഥ, പരിമിതി കൾ കഴിവുകൾ എന്നിവ CPTA നടത്തി എല്ലാം മനസാവും [illegible] പഠിക്കുവാനു ള്ള അവസരം ഒരുക്കുന്നു.

3. CPTA യിൽ കുട്ടികളുടെ മികവാർന്ന കഴിവുകൾ ചർച്ച ചെയ്യുന്നു.

## പ്രവർത്തന ലക്ഷ്യം.

### ജൂൺ

1. ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

(2) ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ

(3) വായന സാമഗ്രികൾ നിർമ്മിക്കൽ

(4) വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

## ജൂലൈ

1 ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉപയോഗിക്കുന്നു.

(2) ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉപയോഗിക്കുന്നു.

(3) സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

1. വീട്ടു ലൈബ്രറി ഒരുക്കൽ
2. കഥയിൽ നിന്നും ചോദ്യങ്ങൾ തയ്യാറാക്കൽ
3. രംഗാവിഷ്കാരം ചെയ്യൽ (ശോഭക്ക്)

## സെപ്റ്റംബർ

1. കഥയെ ചിത്രങ്ങളാക്കുക
2. വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കുക
3. വായിച്ച കഥയിൽ നിന്നും സംഭാഷണം ഒരുക്കൽ

## ഒക്ടോബർ

1. വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ

(2) കേട്ടതോ വായിച്ചതോ ആയ കഥകൾ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ.

## നവംബർ

(1) ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

(2) ലേഖനങ്ങളിൽ ഏർപ്പെടുന്നു

(3) വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുന്നു.

## ഡിസംബർ

(1) വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കുന്നു.

(2) കവിതാപൂരണം

## ജനുവരി

(1) ലഘുവിവരണങ്ങൾ പ്രത്യേകതകൾ

എഴുതുന്നതിനും വായിക്കുന്നതിനുമുള്ള
അവസരം ഒരുക്കൽ.

## ഫെബ്രുവരി

(1) എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കുവാൻ സാധിച്ചു എന്നുള്ള ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)

(2) കുട്ടികൾ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

3

## മാർച്ച്.

(1) വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ

(2) മാഗസിൻ തയ്യാറാക്കൽ

(3) വീട്ടുവായന, കൂട്ടുവായന, നാട്ടുവായന അമ്മ വായന, ചിത്രവായന എന്നിവയെ പ്രോത്സാഹിപ്പിക്കൽ.

CLASS 3

# ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്ത് കൊണ്ടാണ് ഗണിതപഠനം മൂന്നാംക്ലാസിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപ്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നത്. യുക്തിചിന്ത, വിശകലനാത്മകചിന്ത, പ്രശ്നപരിഹാരണം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുത്തുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനും ജ്യാമിതി പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകൾ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്. ഏറ്റവും ചെറിയ നാലക്ക സംഖ്യയായ 1000 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, അക്കത്തിലും അക്ഷരത്തിലും എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നോട്ടുകളും നാണയങ്ങളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിതപഠനം ലക്ഷ്യം വയ്ക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിൽ മൂന്നക്കസംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് കുട്ടികളെ സജ്ജരാക്കുക എന്നത് മൂന്നാം ക്ലാസിന്റെ ഗണിതപഠനത്തിലെ മറ്റൊരു ലക്ഷ്യമാണ്. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മനഃഗണിതത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിന്റെ ഏകകങ്ങളായ മീറ്റർ, സെന്റീമീറ്റർ എന്നിവ പരിചയപ്പെടുത്തുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാനുള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഭാരം ഊഹിച്ച് പറയാനും അളന്നെടുക്കാനുമുള്ള പ്രവർത്തനങ്ങൾ പാഠപുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗണനവസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുക എന്നതും ഗണിത പഠനത്തിന്റെ ലക്ഷ്യമാണ്. അതിനായി പ്രായോഗികപ്രശ്നങ്ങളും ഗണനചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ജൂൺ - ജൂലായ്

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
- ചതുരം, വട്ടം, ത്രികോണം, സമചതുരം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് എണ്ണം രേഖപ്പെടുത്തൽ
- വെള്ളിറ്റവിൽ പ്രിന്റിംഗ്
- ചതുരം, വട്ടം, ത്രികോണം, സമചതുരം എന്നീ രൂപങ്ങൾ ചേർത്ത് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

## ജൂലായ്- ആഗസ്റ്റ്

- ക്ലാസിലേക്ക് പൊതുവായി ഒരു കണക്കുപെട്ടി
- കളിനോട്ടുകൾ . കമ്പ്കെട്ടുകൾ
- 1 മുതൽ 10 വരെ, 100 മുതൽ 1000 വരെ അക്ഷരത്തിൽ എഴുതിയത്
- അബാക്കസ് നിർമ്മാണം

## ആഗസ്റ്റ്- സെപ്തംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം

## ഒക്ടോബർ

കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം - ഏകകങ്ങൾ ഉപയോഗിച്ച് അളക്കൽ, ഗ്രാഫിൽ നിർമ്മാണം

## നവംബർ- ഡിസംബർ

ഗണന വസ്തുത കാർഡ് നിർമ്മാണം

## ജനുവരി- ഫെബ്രുവരി

ഗണനവസ്തുത കാർഡ് നിർമ്മാണം, ക്ലോക്ക്, കലണ്ടർ പരിചയപ്പെടൽ - നിർമ്മിക്കൽ

# English

**Aim** - To speak, read and write English without any mistake

**Time** - June to March

## June and July

-Pre-test (To develop listening skill and reading skill)

Listening skill :

- Games and action songs
- Conversations
- Use ICT

Speaking skill :

- Identify the naming words from the picture
- Identify actionwords from the picture
- Make simple sentences using the word about picture
- Make simple description about the picture.
- Growing sentences
- Picture reading
- Self introduction

## August and September

Develop the creative speaking and writing

Reading skills :

- Books reading
- Find words.

- Rhyming words
- TB Activities

Writing skills :

- Make wordweb
- Picture description
- Word chain
- Make words and sentences
- Make riddles
- Add more lines

## October and November

Reading skills :-

- Library book reading.
- Conversation, stories use ICT
- Read notice
- Develop story.

Writing skills :-

- Description
- Conversation

## December and January.

Develop the creative speaking and writing.

Reading skills :-

- Library book reading
- Conversation reading using ICT

· story reading

Writing skills :-

- Dairy
- Conversation

## February and March

To improve the presentation power

Reading skills :-

- Library book reading
- Stories
- Develop stories

Writing skills :-

- Dairy
- Description
- Thoughts.
- Riddles

# മലയാളം

## ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും

*) സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും. അവ ആവശ്യമായ സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തും.

*) കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.

*) രചനകൾ ഭാവാത്മകമായി വായിക്കും.

*) ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ പഴഞ്ചൊല്ല് etc) ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.

*) ലഘുവായ സർഗാത്മകരചനകൾ നടത്തും (കഥ, കവിത, ചിത്രം)

*) കഥകളെയും കവിതകളെയും മറ്റു നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

*) ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും (വിവരണം, സംഭാഷണം etc) ഇതിനായി നടത്തുന്ന മുന്നൊരുക്കങ്ങൾ

### ജൂൺ - ജൂലൈ

- നാടൻപാട്ടുകൾ - ശേഖരണം (വായ്ത്താരികൾ - ശേഖരണം)
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻപാട്ടിലെയും കവിതകളിലെയും താളം (ശില്പശാല)

- കഥോത്സവം (നാടൻകഥകളുടെ അവതരണ ശിൽപ്പശാല)
- കടങ്കഥകൾ ശേഖരണം (പതിപ്പ്)
- കടങ്കഥപ്പയറ്റ്
- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം., സംഭാഷണം നടത്താം.
- കലാരൂപങ്ങൾ വേഷവിധാനം - ചിത്രശേഖരണം, ആൽബം
- പാവനാടകത്തെ അടുത്തറിയാം.

**ആഗസ്റ്റ് - സെപ്റ്റംബർ**

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
- പലഹാരമേള
- പാചകക്കുറിപ്പ് ശേഖരണം
- കത്തിന്റെ മാതൃക പരിചയപ്പെടൽ - കത്തെഴുതാം.
- സ്കൂൾ പത്രം
- ശുചിത്വ പരിപാടി തയ്യാറാക്കൽ

**ഒക്ടോബർ**

- കൃഷിയിടം സന്ദർശനം.
- കൃഷിപ്പാട്ടുകൾ ശേഖരണം - പതിപ്പ്
- കൃഷിച്ചൊല്ലുകൾ ശേഖരിച്ച് അവതരിപ്പിക്കൽ
- നാടൻകളികൾ പരിചയപ്പെടൽ
- നാടൻകളികൾ - പതിപ്പ്
- കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ - വിവരണം
- നാടൻപാട്ട് - ശിൽപ്പശാല

# പരിസരപഠനം

**ലക്ഷ്യം-1**

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
- ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപ്പര്യവും വളർത്തുക.

| | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - ഒക്ടോബർ | **പ്രകൃതിനടത്തം**<br>-ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>-പ്രത്യേകതകൾ മനസിലാക്കാം<br>- വിവിധ ആവാസവ്യവസ്ഥകൾ അറിയാം<br>- ജീവികളുടെ പരസ്പര ആശ്രയത്വം - ചർച്ച<br>-ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം - ചർച്ച, ചിത്രീകരിച്ച്<br>-പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം (ഡോക്യുമെന്ററി പ്രദർശനം) |
| 2 | ജൂൺ- മാർച്ച് | **ഒരു തൈ നടാം...**<br>-പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടീൽ<br>-നട്ടതൈകൾ പരിപാലിക്കൽ |
| 3 | ജൂൺ | **പോസ്റ്റർ നിർമ്മാണം**<br>-പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത- ചർച്ച ആശയമുൾക്കൊള്ളിച്ച് പോസ്റ്റർ തയ്യാറാക്കൽ, തയ്യാറാക്കിയ പോസ്റ്റർ പരിസരങ്ങളിൽ പതിക്കൽ |

## ലക്ഷ്യം-2

കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക

| | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ- മാർച്ച് | **ദിനകൃത്യങ്ങൾ**<br>- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചയിലൂടെ ഉറപ്പിക്കുന്നു.<br>- വീഡിയോ പ്രദർശനം - ദിനചര്യകളുടെ അഭാവം വരുത്തുന്ന രോഗങ്ങൾ |
| 2 | ജൂലൈ -മാർച്ച് | **ആരോഗ്യം**<br>- ക്ലാസ്തലത്തിൽ ശുചിത്വ മത്സരം<br>- വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി കുട്ടികൾക്ക് നിർദ്ദേശം നൽകുന്നു. |
| 3 | ജൂൺ- ഡിസംബർ | **പരിസരനടത്തം**<br>- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം<br>- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ |
| 4 | ജൂലൈ- മാർച്ച് | **നല്ല ശീലം**<br>- പോസ്റ്റർ തയ്യാറാക്കുന്നു, ക്ലാസ്മുറികളിൽ ഒട്ടിക്കുന്നു. |

## ലക്ഷ്യം-3

ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക

| | മാസം | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | ജനുവരി-മാർച്ച് | **ഫീൽഡ്ട്രിപ്പ്**<br>നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കണം [കുളം, കാട്, ഉദ്യാനം] |
| 2 | ഡിസംബർ-ഫെബ്രുവരി | **പരീക്ഷണങ്ങൾ**<br>ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. |
| 3 | ഡിസംബർ-ഫെബ്രുവരി | **ശാസ്ത്രജ്ഞരോടൊപ്പം**<br>- മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു - ചർച്ച<br>- വീഡിയോ പ്രദർശനം<br>- ശാസ്ത്ര അധ്യാപകരോടുള്ള അഭിമുഖം |
| 4 | ജനുവരി-മാർച്ച് | **പക്ഷിനിരീക്ഷണം**<br>- പരിസരനടത്തം<br>- പക്ഷി നിരീക്ഷണത്തിന് അവസരം |

CLASS 4

# ആമുഖം

കുട്ടികളിൽ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുവാനും വായനാ ശേഷി വളർത്തിയെടുത്ത് എഴുത്തിലും വായനയിലും കുട്ടികളെ പ്രാപ്തരാക്കി അവർ നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ മറ്റുള്ളവർക്ക് മുന്നിൽ അവതരിപ്പിക്കുവാനും മറ്റ് പ്രവർത്തനങ്ങളിലൂടെ തെറ്റില്ലാതെ ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിലൂടെ കുട്ടികളുടെ സർഗാത്മകത പരിപോഷണം ചെയ്ത് രചനാശേഷികൾ കുട്ടികൾ കൈവരിക്കുന്നു. വിവിധതരത്തിലുള്ള കളികളിലൂടെ കുട്ടികൾ ഗണിത ശേഷി ആർജിക്കുകയും ഗണിത പ്രശ്നങ്ങൾ സുതാര്യവൽക്കരിച്ച് കൊണ്ട് ഗണിതത്തിലെ പ്രശ്നങ്ങളെ ലഘുവായി കൈകാര്യം ചെയ്യുവാൻ കുട്ടികൾക്ക് കഴിയുന്നു. പ്രകൃതിനടത്തം, ശാസ്ത്രയാത്ര, ശാസ്ത്ര വിസ്മയചുവർ എന്നിവ കുട്ടികളിൽ ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട അറിവുകൾ ഫലപ്രദമാക്കുന്നു.

മാനസികമായും, ശാരീരികമായും വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന നാലാം ക്ലാസിലെ ഒരു വിദ്യാർത്ഥിനി/ വിദ്യാർത്ഥികൾ പൂർണമായും ഭാഷയിലും, ശാസ്ത്രത്തിലും, ഗണിതപ്രശ്ന പരിഹരണത്തിനും അവന്റെ തലത്തിൽ പൂർണ്ണത കൈവരിക്കുവാൻ ശേഷിയുള്ളവനായിതീർക്കുന്നതിൽ പാഠഭാഗങ്ങളും അതുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളും പൂർണ്ണമായി നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഒരു കൈത്താങ്ങാകുന്നു. സമഗ്രഗുണമേന്മാ വിദ്യാഭ്യാസത്തിലൂന്നി കുട്ടികളിൽ കൂടുതൽ മൂല്യങ്ങൾ വികസിപ്പിക്കുവാൻ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായകരമാവുന്നു.

# മലയാളം

മധുരം മലയാളം

| ലക്ഷ്യം | കാലം | പ്രവർത്തനം |
| --- | --- | --- |
| ഭാഷാ പരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ലക്ഷ്യം നേടുന്നതുവരെ | ഭാഷാ പരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ |
| വായിക്കാം വളരാം വായനാ ശേഷി വളർത്തൽ | വർഷം മുഴുവൻ | ക്ലാസ് വായനാ കൂടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാ കുറിപ്പ്, പുസ്തക സംവാദം, ആസ്വാദനകുറിപ്പ് ആനുകാലിക വായന |
| എഴുതാം തെളിയാം എഴുത്ത് പരിപോഷിപ്പിക്കൽ | പ്രതിവാരം | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ |
| എഴുത്തുകാരുമായി സംവദിക്കൽ ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | ആവശ്യാനുസരണം | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ |
| കണ്ടറിയാം കേട്ടറിയാം അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | ആവശ്യാനുസരണം | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ |
| രുചിച്ചറിയാം നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | ആവശ്യാനുസരണം | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ → പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ |
| കലക്കൂട്ട് പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | വർഷത്തിലൊന്ന് | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം |

| ലക്ഷ്യം | കാലം | പ്രവർത്തനം |
|---|---|---|
| ഓർക്കാം അഭിമാനിക്കാം സാഹിത്യകാരന്മാർ | ആവശ്യാനുസരണം | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം. പുസ്തക പരിചയം ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം |
| സർഗ്ഗാത്മകം ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | വർഷത്തിലൊരിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം |

# English

| AIM | TIME | ACTIVITIES |
|---|---|---|
| → To speak, Read and write English without any mistakes | June and July | Pretest<br>→ To develop listening skills and reading skills<br>Listening skills<br>Games, Action songs<br>→ Hello English Activities<br>→ conversations<br>→ Skit stories<br>→ use ICT<br>→ speaking skills<br>Identify the naming words from the picture<br>Identify the action words from the picture<br>Make the simple sentences using the word about picture<br>Make simple description about the Picture<br>Growing sentences, picture reading<br>Self introductions |
| | August and september | → Develop the creative speaking and writing<br>Reading skills<br>Books reading<br>Find words<br>collect and read past tense<br>Rhyming words<br>TB Activities |

| AIM | TIME | ACTIVITIES |
|---|---|---|
| | | Writing skills |
| | | → Make word web |
| | | Picture description |
| | | Word chain |
| | | Make words and sentencess |
| | | Make riddles, conversations |
| | | Add more lines |
| | October and November | → To express thoughts, feelings etc.. |
| | | Reading skills |
| | | Library book reading |
| | | conversation, skit, stories |
| | | use ICT |
| | | Read notice |
| | | Develop story |
| | | Writing skills |
| | | Description |
| | | Thoughts |
| | December and January | → Develop the creative speaking and writing |
| | | Reading skills |
| | | Library books reading |
| | | conversations, skit stories use ICT |
| | | Develop story |
| | | Reads dairy |
| | | Writing skills |
| | | Dairy |
| | | Announcement |

| AIM | TIME | ACTIVITIES |
| --- | --- | --- |
| | February and March | → To improve the Presentation power<br>Reading skills<br>Library books reading<br>conversations, skit stories<br>Develop story<br>Writing skills<br>Dairy<br>Descriptions<br>Thoughts<br>Exibition |

# പരിസരപഠനം

| ലക്ഷ്യം | കാലയളവ് | പ്രവർത്തനം |
|---|---|---|
| ➢ പ്രകൃതി നടത്തം നിരീക്ഷണം - അറിവു നിർമ്മാണം | ആവശ്യാനുസരണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ |
| ➢ ശാസ്ത്രമൂല ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ |
| ➢ ശാസ്ത്രയാത്ര ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | ആവശ്യാനുസരണം | വായന നിരീക്ഷണകേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര വേദികൾ പ്രദർശനങ്ങൾ ഫോക്ക് ലോർ അക്കാദമി ഇവ സന്ദർശിക്കൽ |
| ➢ ഭൂപടമൊരുക്കാം കേരളം ഇന്ത്യ ഭൂപടവായന സൂചിക പരിചയപ്പെടൽ | വർഷത്തിലൊന്ന് | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം കളം ഉപയോഗിക്കൽ |
| ➢ ശാസ്ത്ര വിസ്മയച്ചുവർ ശാസ്ത്രപഠനം രസകരമാക്കൽ | ആവശ്യാനുസരണം | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ |
| ➢ ശാസ്ത്രോത്സവം ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | വർഷത്തിലൊരിക്കൽ | ടസശ, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം, ഇവയുടെ പ്രദർശനം |
| ➢ ശാസ്ത്രമാസിക ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | വർഷത്തിലൊന്ന് | ശാസ്ത്ര മാസികകളുടെ നിർമ്മാണം |

# ഗണിതം

| ലക്ഷ്യം | കാലയളവ് | പ്രവർത്തനം |
|---|---|---|
| കളിക്കാം ഗണിക്കാം ഗണിതപഠനം രസകരമാക്കാൻ ചതുഷ്ക്രിയകൾ ലളിതമാക്കാൻ | വർഷം മുഴുവൻ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണയം ഏണിയും പാമ്പും ഡയസ്കളി സങ്കലനം - വ്യവകലനം കച്ചവടക്കളി. |
| ഒറിഗാമിയിലൂടെ പഠിക്കാം | വർഷം മുഴുവൻ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ മൂല്യനിർണയം ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം |
| ഗണിതലാബ് ഗണിതപഠനപ്രവർത്തനം സുതാര്യമാക്കൽ | വർഷം മുഴുവൻ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ |
| ഗണിതപഠനോപകരണ ശില്പശാല പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | ആവശ്യാനുസരണം | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം |
| ഗണിതച്ചുമർ ഗണിതരൂപങ്ങളുടെ പ്രയോഗികമൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ |
| ഗണിതമേള ഗണിതശേഷികളുടെ പ്രകടനം | വർഷത്തിലൊന്ന് | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം |

ARABIC

CLASS. 1

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എഴുത്ത് രീതി (അറബിക്) മനസിലാക്കുന്നു. | BB, ചാർട്ട്, ICT, NB. work sheet, work book TB എന്നിവ ഉപയോഗിച്ച് അറബിക് എഴുതുന്ന രീതി (വലത്ത് നിന്നും ഇടത്തോട്ട്) മനസിലാക്കുന്നു. | ജൂൺ | അറബിക് അധ്യാപിക. | |
| 2. | ചിത്ര വായനയിലൂടെ ആശയഗ്രഹണം | പാഠപുസ്തകത്തിലെ ചിത്രങ്ങൾ കാണിച്ച് ചോദ്യങ്ങൾ ചോദിച്ച് കുട്ടിയെ ഉത്തരത്തിൽ എത്തിച്ച് ആശയം ഗ്രഹ മനസിലാക്കുന്നു. | 1 വർഷം | ,, | |
| 3. | ഉച്ചാരണം, ചിഹ്നങ്ങൾ എന്നിവ മനസിലാക്കുന്നു. അക്ഷര വായന. എഴുത്ത് മനസിലാക്കുന്നു - | അധ്യാപകന്റെ ആവർത്തിച്ചുള്ള ഉച്ചാരണം, BB, ICT worksheet, WB ചാർട്ട് എന്നിവയുടെ സഹായത്താൽ കുട്ടികൾ മനസിലാക്കുന്നു. | 1 വർഷം. | ,, | |

| | | | | | | |
|---|---|---|---|---|---|---|
| 4 | ഉപചാരവാക്കുകൾ പരിചയപ്പെടുന്നു. ഉപയോഗം. | ക്ലാസ് മുറിയിലെ അനുവർത്തനം, ICT, Role play, Chart വിവിധ സാഹചര്യങ്ങൾക്ക് അനുസരിച്ച് ഉപചാര വാക്കുകളുടെ ഉപയോഗം | രണ്ടാം ആഴ്ച സെപ്തം-ബർ | | | |
| – | | | | | | |
| 5. | സംഭാഷണം. ആശയവിനിമയ ശേഷി പരിപോഷിപ്പിക്കുക. | Chart, ICT ക്ലാസ് മുറിയിലെ അനുവർത്തനം. Role play എന്നിവയിലൂടെ സംഭാഷണം മനസിലാക്കുന്നു. | | | | |
| 6. | കവിത ആസ്വാദനം. | വിവിധ ഈണത്തിലും താളത്തിലും കവിത ക്ലാസിൽ അവതരിപ്പിക്കുന്നു. കുട്ടികൾ ഗ്രൂപ്പായും, ഒറ്റയ്ക്കും അവതരിപ്പിക്കുന്നു. ICT സാധ്യത പ്രയോജനപ്പെടുത്തുന്നു | 1 വർഷം | | | |

| | | | | | |
|---|---|---|---|---|---|
| 7 | ഉച്ചാരണം മനസ്സിലാക്കുന്നു. | 1 മുതൽ 3 വരെ.<br>4 മുതൽ 7 വരെ.<br>8 മുതൽ 10 വരെ.<br>ICT, ക്ലാസിലെ വിവിധ വസ്തുക്കൾ പ്രയോജനപ്പെടുത്തുന്നു. | ആഗസ്റ്റ്<br>നവംബർ<br>ഡിസംബർ<br>ഫെബ്രുവരി<br>മാർച്ച്. | അനാമിക<br>അദ്ധ്യാപിക. | |
| 8. | അക്ഷര കൂട്ടങ്ങൾ മനസ്സിലാക്കുന്നു. | ഓരോ അക്ഷര-ങ്ങളിലും ഉള്ള വാക്കി-ന്റെ ആദ്യത്തിൽ, വരുമ്പോഴും, മധ്യ-ത്തിൽ വരുമ്പോഴും അവസാനം വരു-മ്പോഴുമുള്ള വ്യത്യാസം കുട്ടികൾ മനസ്സിലാക്കൽ<br>ICT, BB, Chart, NB TB, WB, എന്നിവ-ഉപയോഗിക്കുന്നു. | ഫെബ്രുവരി<br>മാർച്ച് | ” | |

CLASS II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * വായന<br>1. അക്ഷരവായന<br>വാക്കുകൾ വായന<br>ചിത്രവായന. | • അക്ഷര കാർഡുകൾ,<br>• വാക്കുകൾ ചിത്രങ്ങളോട് കൂടി എഴുതിയ കാർഡുകൾ വായിപ്പിക്കുന്നു.<br>അക്ഷരങ്ങൾക്ക് നിറം നൽകുന്നു.<br>• ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>• അക്ഷരങ്ങൾ Outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു.<br>ICT ഉപയോഗിക്കുന്നു.<br>• ക്ലാസിൽ ഉറക്കെ വായിക്കുന്നു.<br>• അക്ഷരചാർട്ട് പ്രയോജനപ്പെടുത്തുന്നു. | ജൂൺ<br>ജൂലൈ | ക്ലാസ്സ് ടീച്ചർ | |
| 2. * എഴുത്ത്.<br>വാക്കുകൾ ചിത്രങ്ങളോട് കൂടി എഴുതുന്നു. | BB, ചാർട്ട്, ICT, Worksheet, WB, NB. TB, എന്നിവ ഉപയോഗപ്പെടുത്തി കുട്ടികളെ നല്ല എഴുത്തുകാരാക്കുന്നു. | ഒരു വർഷം. | ക്ലാസ്സ് ടീച്ചർ. | |

| | | | |
|---|---|---|---|
| 3. | സംഭാഷണം. ആശയവിനിമയ ശേഷി. | Role play, Chart, ICT ക്ലാസ് റൂമിലെ അധ്യാപക ഭാഷണം എന്നിവയിലൂടെ കുട്ടികൾ ആശയ വിനിമയം മനസിലാക്കുന്നു. | 1 വർഷം |
| 4 | ഉപചാര വാക്കുകൾ മനസിലാക്കുന്നു. | ക്ലാസ് റൂമിലെ വ്യത്യസ്ത സന്ദർഭത്തിൽ ഉപചാര വാക്കുകൾ ഉപയോഗിക്കുന്നു. Chart, ICT, Roleplay ഉപയോഗിക്കുന്നു. | 1 വർഷം. |
| 5. | ആസ്വാദനം. കവിത. | വിവിധ ഈണത്തിലും, താളത്തിലും, കവിത ക്ലാസിൽ അവതരിപ്പി-ക്കുന്നു. കുട്ടികൾ കൂട്ടമായും, ഒറ്റയ്ക്കും അവതരിപ്പിക്കുന്നു. ICT സാധ്യത പ്രയോജനപ്പെടുത്തുന്നു. | 1 വർഷം. |

| | | | | | |
|---|---|---|---|---|---|
| 6 | പ്രസംഗം. | ശബ്ദ വ്യതിയാനത്തോടെ പ്രസംഗം അവതരിപ്പിക്കുന്നു. കുട്ടികൾ വ്യക്തിഗതമായി അവതരിപ്പിക്കുന്നു. | ആസ്വദിച്ചു ചെയ്യുന്നവർ. | | |
| 7. | എണ്ണം മനസി- ലാക്കുന്നു. | 10 മുതൽ 20വരെയുള്ള എണ്ണൽ സംഖ്യ (അറബിയിൽ) മനസി- ലാക്കുന്നതിന് Chart, ICT കാർഡുകൾ എന്നിവ ഉപയോഗി ക്കുന്നു. TB, WB, worksheet, NB എന്നിവയും ഉപയോഗപ്പെടു- ത്തുന്നു. | ഉദ്ദേശ- വർ, നവവർ | | |
| 8. | പച്ചക്കറികൾ പഴങ്ങൾ എന്നിവ മനസിലാക്കുന്നു. | പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ചിത്രങ്ങൾ കുട്ടികളെ കാണിക്കുന്നു. തരംതിരിക്കുന്നു. സ്കൂൾ അടുക്കളയിലെ പച്ചക്കറി കൾ പരിചയപ്പെടുത്തുന്നു. Chart, ICT എന്നിവ ഉപയോഗിക്കുന്നു. | ജ്ഞാനശക്തി. ചൈതന്യം മർച്ച്. | | |

CLASS III

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | * എണ്ണൽ മനസ്സിലാക്കുന്നു. | • ക്ലാസ് മുറിയിലെ വിവിധ വസ്തുക്കൾ എണ്ണാൻ ഉപയോഗിക്കുന്നു. • NB. എഴുതുന്നു. • Currency എണ്ണുന്നു. • ചാർട്ടിൽ എണ്ണം എഴുതി പ്രവൃത്തിയും വ്യക്തിഗതമായും Words/Number എണ്ണി കാട്ടുന്നു./ യോജിപ്പിക്കുന്നു. | ജൂൺ ജൂലൈ. സെപ്തംബർ. ഒക്ടോബർ. | ദിനാ-വിക് ടീച്ചർ | |
| 2. | കഥ പറഞ്ഞ് വായിക്കുന്നു. | • പ്രവൃത്തിയും, ഒറ്റയ്ക്കും എഴുതുന്ന വായിക്കുന്നു. • അർത്ഥം മനസ്സിലാക്കുന്നു. • കഥ പൂരിപ്പിക്കുന്നു. ICT, Chart, worksheet എന്നിവ ഉപയോഗിക്കുന്നു. | ജൂലൈ. | | |
| 3. | കവിത ആസ്വാദനം. എഴുത്ത്/ പൂരിപ്പിക്കൽ | • വിവിധ ഈണങ്ങളിൽ ആലപിക്കുന്നു. • ICT ഉപയോഗിക്കുന്നു. • Worksheet ഉപയോഗിക്കുന്നു. • പ്രവൃത്തിയും വ്യക്തിഗതമായും ആലപിക്കുന്നു. കവിത NB എഴുതുന്നു. | ദിവസവും 1year | | |

| | | | | | |
|---|---|---|---|---|---|
| 4. | ഉച്ചാര വാക്കുകൾ മനസിലാക്കുന്നു. | • ഉച്ചാരവാക്കുകൾ സംഭാഷണത്തിൽ നിന്നും കണ്ടെത്തുന്നു.<br>• NB എഴുതുന്നു.<br>• Chard ൽ പ്രദർശിപ്പിക്കുന്നു.<br>• Work sheet നൽകുന്നു.<br>• ക്ലാസ് സാഹചര്യങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. | ജൂലൈ ആഗസ്റ്റ് | | |
| 5. | ചിഹ്നങ്ങളും, ചുരുക്കികളും മനസിലാക്കുന്നു. | NB എഴുതുന്നു.<br>Chard പ്രദർശിപ്പിക്കുന്നു.<br>ICT ഉപയോഗിക്കുന്നു. | സെപ്റ്റംബർ | | |
| 6. | കളി ഉപകരണങ്ങൾ മനസിലാക്കുന്നു. | • ICT പ്രയോജനപ്പെടുത്തുന്നു.<br>• ഉപകരണങ്ങളുടെ പേരുകൾ List ചെയ്യുന്നു.<br>• ചിത്രങ്ങൾ ഉപയോഗിക്കുന്നു.<br>• എഴുത്തിന് worksheet, NB എന്നിവ ഉപയോഗിക്കുന്നു. | ഒക്ടോബർ | | |

| | | | | | |
|---|---|---|---|---|---|
| 7. | സൈൻബോർഡ് നിർമ്മാണം. | • വൃത്തിയെക്കുറിച്ചുള്ള നിർദേശക ബോർഡുകൾ NB എഴുതുകയും, ബോർഡിൽ മുദ്രാ വാക്യ് എഴുതി പ്രദർശിപ്പിക്കുന്നു. | നവം-ബർ. ഡിസം ബർ ജനുവരി | | |
| 8. | Self introduction. സ്വയം വിവരണം | • കുട്ടികൾ സ്വന്തമായി അവരെക്കുറിച്ച് അറബിയിൽ പറയാനും, എഴുതാനും പഠിക്കുന്നു. ICT, chart, Work sheet എന്നിവ ഉപയോഗിക്കുന്നു. ക്ലാ. അധ്യാപിക കുട്ടികളെ സ്വയംപരിചയപ്പെടുത്തുന്നു. • കുട്ടികൾ പരസ്പരം പരിചയപ്പെടുത്തുന്നു. | ഫെബ്രു വരി മാർച്ച്. | | |

CLASS IV

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിവരണം തയ്യാറാക്കൽ | • ചെറു ചിത്രങ്ങൾ നൽകി വിവരണം തയ്യാറാക്കുന്നു.<br>• ഗ്രൂപ്പായും, വ്യക്തിഗതമായും ചെയ്യുന്നു.<br>• Work sheet, ICT എന്നിവ ഉപയോഗിക്കുന്നു. | 1 year. | ക്ലാസ് ടീച്ചർ. | |
| 2 | സോഷ്യൽ മീഡിയ ഉപയോഗം മനസ്സിലാക്കുന്നു. | ICT<br>Mobile phone എന്നിവ ഉപയോഗിച്ച് കുട്ടികളിൽ ധാരണ ഉണ്ടാക്കുന്നു. | ജൂലൈ. ആഗസ്റ്റ്. | | |
| 3 | കവിത. ആസ്വാദനം., നിർമ്മാണം. | • വിവിധ ഈണത്തിലും, താളത്തിലും ക്ലാസിൽ ആലപിക്കുന്നു.<br>ഗ്രൂപ്പായും ഒറ്റക്കും അവതരിപ്പിക്കുന്നു.<br>ICT ഉപയോഗിക്കുന്നു.<br>Work sheet നൽകുന്നു. | 1 year. | | |

| | | | | |
|---|---|---|---|---|
| 4 | സ്കൂൾ അസംബ്ലി മനസിലാക്കുന്നു. | • അസംബ്ലിയുമായി ബന്ധപ്പെട്ട പദങ്ങൾ അഭിനയത്തോടു കൂടി ക്ലാസിൽ അവതരിപ്പിക്കുന്നു.<br>• സ്കൂളിൽ കുട്ടികൾ അസംബ്ലി നടത്തുന്നു.<br>• അസംബ്ലിയിലെ പ്രധാന പദങ്ങൾ മനസിലാക്കുന്നതിനായി Chart, ICT എന്നിവ ഉപയോഗിക്കുന്നു. | ജൂലൈ, ആഗസ്റ്റ് | റിസോഴ്സ് ടീച്ചർ |
| 5. | സമയം. മനസിലാക്കുന്നു (ക്ലോക്ക്) | ക്ലോക്ക് ഉപയോഗിച്ച്/ വരച്ച് സമയം പറയിക്കുന്നു എഴുതിക്കുന്നു - Worksheet, NB Chart ICT ഉപയോഗിക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ | ” |
| 6. | മാസം, ദിവസം മനസിലാക്കുന്നു. (കലണ്ടർ) | • കലണ്ടർ ഉപയോഗിച്ച് മാസവും, ദിവസവും. മനസിലാക്കുന്നു.<br>NB, ICT, ചാർട്ട് ഉപയോഗിക്കുന്നു. | നവംബർ ഡിസംബർ | ” |
| 7. | വിവിധ ജോലികൾ മനസിലാക്കുന്നു. | • ചിത്രത്തിന്റെ സഹായത്തോടെ വിവിധ ജോലികൾ/ സേവനം കുട്ടികൾ മനസിലാക്കുന്നു.<br>Chart ICT, NB ഉപയോഗിക്കുന്നു. | ജനുവരി ഫെബ്രുവരി മാർച്ച് | |

# സംസ്കൃതം

## അക്കാദമിക് മാസ്റ്റർപ്ലാൻ

### ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിലൊന്നാണ് സംസ്കൃതം.<br>* UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | 1. ഭാഷാ ജ്ഞാനം.<br>* അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷര കാർഡ്.<br>* വാക്കുകൾ എഴുതിയ കാർഡ്.<br>* ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>* അക്ഷരമാല കളികൾ<br>* അക്ഷരമരം നിർമ്മിക്കൽ<br>* കാർട്ടൂൺ പ്രദർശനം<br>* പാട്ടുകളും കഥകളും കേൾപ്പിക്കുക.<br>* നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ<br>↕<br>ഓഗസ്റ്റ്. | അക്ഷര ചാർട്ട്<br>പാഠപുസ്തകം.<br>ICT | PTA<br>റിസോഴ്സ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 2. പറയാം പഠിക്കാം.<br>* ചിത്രങ്ങളുടെ പേര് പറയൽ<br>* ചിത്രകഥകൾ<br>* ലഘു സംഭാഷണങ്ങൾ | ജൂൺ ↔ ജൂലൈ | സംസ്കൃത ഭാഷ പുസ്തകം<br>ICT | റിസോഴ്സ് അധ്യാപകൻ |
| 3. വീട് ഒരു പരീക്ഷണശാല<br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | * വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>* ICT സഹായത്തിലൂടെ വസ്തുക്കളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ ↔ ഒക്ടോബർ | സംസ്കൃതം നിഘണ്ടു. | |
| 4. വായനാലോകം.<br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | * തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>* ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനുട്ടിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>* വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>* കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം. | ലൈബ്രറി<br>OR<br>ക്ലാസ്ലൈബ്രറി | റിസോഴ്സ് അധ്യാപകൻ |

| | | | | |
|---|---|---|---|---|
| 7. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | * പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>* പ്രത്യേകം ക്ലാസുകൾ നൽകുന്നു<br>* ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ ↕ മാർച്ച്. | ക്ലാസ് റൂം | റിസോഴ്സ് അധ്യാപകൻ. |
| 8. ക്ലാസ് റൂം ആകർഷകമാക്കുന്നത്. | * പെയിന്റിംഗ്<br>* ലൈബ്രറി ഒരുക്കുന്നു.<br>* സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# UP MALAYALAM

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| (1) ഭാഷയുടെ അടിസ്ഥാന പരമായ കഴിവ്, വികസനം ആശയ സംവേദനം, നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | <u>എന്റെ അവധിക്കാലം</u><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ, കവിത യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു.<br><u>ഭാഷാകേളി</u><br>അക്ഷരങ്ങളും, പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദന എന്നിവ വളർത്തുന്നു.<br>വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച്, പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ | മലയാളം അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ② പഠിതാവിന്റെ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തൽ | <u>വാർത്താ ലോകത്തേക്ക്</u><br>പത്രം, ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും, ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യും | എല്ലാ ദിവസവും | |
| | <u>വാർത്താ വായന</u><br>നവ മാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു | | മലയാളം ക്ലബ്ബ്. |
| | ക്ലാസ്സ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതി മാസം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| (3) സാഹിത്യ കൃതികളോടും, സാഹിത്യ കാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക. വഴി, പഠിതാക്കളുടെ, സർഗശേഷി വളർത്തുന്നു. | <u>അഭിമുഖം</u><br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖം | വർഷത്തിൽ ഒന്ന് | വിദ്യാരംഗം ക്ലബ്ബ്. |
| (4) മലയാളം കമ്പ്യൂട്ടർ പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | <u>ഇ - കമ്പ്യൂട്ടറിംഗ്</u><br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുന്നു | IT അധ്യാപകർ | " |
| (5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നു | <u>രംഗാവിഷ്കാരം</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചെറുനാടകങ്ങൾ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം. | " |

# UP ENGLISH

## ആമുഖം

ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട് പ്രക്രിയാ ശേഷികൾ നേടിയെടുക്കുക എന്നതാണ് ഈ ഭാഷാപഠനത്തിന്റെ ലക്ഷ്യം. പറഞ്ഞും വായിച്ചും എഴുതിയും ഭാഷയുടെ വിവിധ തലങ്ങളിലേക്ക് കടന്നുപോകാൻ കുട്ടിയെ പ്രാപ്തനാക്കുന്നു. ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും കുട്ടിയെ പ്രാപ്തനാക്കുന്നു

## ലക്ഷ്യങ്ങൾ

- ഭാഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞും വായിച്ചും എഴുതിയും പരിശീലിക്കുന്നു.
- കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു
- പാഠഭാഗവുമായി ബന്ധപ്പെട്ട് കൃതികൾ, വിവിധ വ്യവഹാരരൂപങ്ങൾ എന്നിവ വായിച്ചും കേട്ടും ആസ്വദിച്ചും സാഹിത്യ സൃഷ്ടി നടത്തുന്നതിനും ശേഷി നേടുന്നു.
- ഭാഷയുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങൾ സ്വന്തമായി ആവിഷ്കരിക്കാനുള്ള ശേഷി നേടുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുന്നതിനും അവസരം ഒരുക്കുന്നു. | . ഇംഗ്ലീഷ് ന്യൂസ് ക്ലാസ് ഗ്രൂപ്പുകളിൽ നൽകുകയും വായിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.<br>. ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.<br>. ഒരു വിഷയം നൽകി അതിനെപ്പറ്റി സംസാരിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. | മാസം തോറും<br>ആഗസ്റ്റ്<br>ജനുവരി |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | . വായനാകാർഡുകൾ ക്ലാസിൽ നൽകി വായിപ്പിക്കുന്നു.<br>. പാഠഭാഗത്തിൽ നിന്ന് തിരഞ്ഞെടുത്ത വാക്കുകൾ ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു<br>. Reader's Theatre അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു | എല്ലാ ഇംഗ്ലീഷ് പീരിയഡിലും<br>ടേമിൽ ഒരു തവണ. |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | . സൂചനാബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ തയ്യാറാക്കുന്നു<br>. പാഠഭാഗവുമായി ബന്ധപ്പെട്ട് വാക്കുകൾ ചാർട്ടിലെഴുതുന്നു. ശേഷം അത് മറ്റൊരു ചാർട്ടിലേക്ക് | ദിനാചരണങ്ങളിൽ<br>ഫെബ്രുവരി |

| | | |
|---|---|---|
| | തെറ്റുകൂടാതെ എഴുതാൻ പ്രോത്സാഹിപ്പിക്കുന്നു. | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം വളർത്തുന്നു. | English Fest സംഘടിപ്പിക്കുന്നു.<br>Magazine തയ്യാറാക്കുന്നു. | വർഷാവസാനം |

# हिंदी

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ഭൗതികം | കാലം |
|---|---|---|---|
| ഹിന്ദി ഇഷ്ടപ്പെടാനും പരിചയപ്പെടാനും അവസരം ഒരുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി പഠിപ്പിക്കുക. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, അക്ഷര രചന കാണിക്കൽ. | ഇന്ററാക്ടീവ് പാനൽ ചാർട്ടുകൾ | ജൂൺ ജൂലൈ |
| ഹിന്ദി വായന -തെറ്റ് കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശീലനം | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുക. മറ്റ് ഹിന്ദി ചിത്രകഥകൾ, അതിന്റെ വീഡിയോ താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കുക. | ഗ്രാഫിക്കൽ റീഡിങ്, റൈറ്റിങ് മെറ്റീരിയൽസ്, വായന കാർഡ് | ആഗസ്റ്റ് സെപ്തംബർ |
| ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക. നിത്യജീവിതത്തിന് ആവശ്യമുള്ളത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തുക. | ക്ലാസ്സിൽ ഹിന്ദി ഭാഷയുടെ ഉപയോഗം, അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ ചോദിക്കുക മറുപടി ഹിന്ദിയിൽ തന്നെ പറയിക്കുക. | | ഒക്ടോബർ – ജനുവരി |
| സർഗസൃഷ്ടി | ഹിന്ദി ഭാഷയിൽ വിവിധ വ്യവഹാര രൂപങ്ങൾ പോസ്റ്റർ രചന | പേപ്പർ, മാർക്കർ, ചാർട്ട് | ഫെബ്രുവരി |

## UP BASIC SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ അധിനിവേശ സസ്യങ്ങളെ കണ്ടെത്തൽ, റിപ്പോർട്ട് തയ്യാറാക്കൽ | ജൂൺ |
| | • ലഘുപരീക്ഷണങ്ങൾ കുട്ടികളെ കൂടി ഉൾപ്പെടുത്തി ക്ലാസിൽ ചെയ്യുന്നു പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | ജൂൺ മുതൽ |
| ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കൽ | • ശാസ്ത്ര ക്ലബ്ബ്, എക്കോ ക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ ക്വിസ്, പ്രോജക്ട് എന്നിവ തയ്യാറാക്കുന്നു | അക്കാദമിക വർഷം |
| | • ശാസ്ത്ര ലോകത്തിലെ പുതിയ ആശങ്ങളുൾപ്പെടുത്തി നക്കൾ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം |
| | • ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന പ്രോത്സാഹിപ്പിക്കുന്നു. | അക്കാദമിക വർഷം. |
| | • പാഠഭാഗവുമായി ബന്ധപ്പെട്ട മോഡലുകൾ നിർമിക്കൽ | ജൂൺ മുതൽ |

| | | |
|---|---|---|
| ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര കഥകൾ, വിസ്മയങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം |
| | സെൻസറുകൾ, ബ്രെഡ് ബോർഡ് എന്നിവയുടെ സഹായത്തോടെ ഉപകരണ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നു | അക്കാദമിക വർഷം |

| മേഖല | യു.പി. സാമൂഹ്യശാസ്ത്രം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ നേടിയെടുക്കാൻ. | <u>അറിഞ്ഞത് - കവിയിൽ നിന്ന് കാവ്യത്തിലേക്ക്.</u> സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് ചോദ്യങ്ങൾ ഓരോ പഠിതാവിനും നൽകുന്നു. | ഓരോ മാസത്തെയും ആദ്യ ആഴ്ച (ജൂലൈ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | <u>ഓർമ്മച്ചെപ്പ്</u> അന്തർദേശീയ തലം മുതൽ ഗ്രാമതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, സ്ഥലങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതയുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | വിദ്യാലയത്തിൽ നിന്ന് <u>Virtual field Trip.</u> ICT സാധ്യതയുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്.<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demostration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5) സഹജീവികളോട് സഹാനുഭാവം വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം<br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിൽ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസമെത്തിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |

| യു.പി. ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാ ടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,.. ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷത കൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടി | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയ ങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാ ക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യത കൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കീയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോ ഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ആഴ്ചയിൽ ഒരു പിരീഡ് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെ ത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകു ന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപ പ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പി ക്കുന്നു. | ആവശ്യാനുസരണം | SRG | |